(സി) ഉണ്ട്. 2 പേരെ അറസ്റ്റ് ചെയ്തിട്ടുണ്ട്. (ക്രൈം 474/സി. ആർ. 04)

1. അബ്ദുൾ കരീം (സൺ ഓഫ് ആവുണ്ണി മുസലിയാർ, വലിയ പറമ്പിൽ വീട്, ചാവക്കാട്, മണത്തല അംശം, പുന്നദേശം. 9-12-2004-ന് അറസ്റ്റ് ചെയ്തു).

2. ഷംസുദ്ദീൻ (ഷംസു അഥവാ തമ്പി) സൺ ഓഫ് താഹിർകുട്ടി, മങ്ങാടൻ പറമ്പത്ത് ഹൗസ്, ആനമങ്ങാട്, പെരിന്തൽമണ്ണ. (21-12-2004-ന് അറസ്റ്റ് ചെയ്തു.)

(ഡി) ഇല്ല.

(ഇ) ഉണ്ട്. ക്രൈം ബ്രാഞ്ചിൽ ക്രൈം നമ്പർ 313/സി. ആർ./ 03, 474/സി. ആർ./04 ആയി കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു.

(എഫ്) കേന്ദ്ര സാമ്പത്തിക കുറ്റാന്വേഷണ വിഭാഗമായ എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റിന്റെ സഹായം തേടിയിട്ടുണ്ട്.

പഞ്ചായത്ത് വകുപ്പിലെ പെർഫോമൻസ് ആഡിറ്റ് ശക്തിപ്പെടുത്താൻ നടപടി

77 [3128] ശ്രീ. സി. മോയിൻകുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്ത് വകുപ്പിലെ പെർഫോമൻസ് ആഡിറ്റ് വിഭാഗം ശക്തിപ്പെടുത്താൻ നടപടി സ്വീകരിക്കുമോ;

(ബി) പെർഫൊമൻസ് ആഡിറ്റ് വിംഗിന് പരിശീലന പരിപാടികൾ സംഘടിപ്പിക്കുമോ;

(സി) പെർഫോമൻസ് ആഡിറ്റ് റിപ്പോർട്ടുകളിന്മൽ പഞ്ചായത്തുകൾ യഥാസമയം നടപടികളെടുക്കുന്നുണ്ടോ;

(ഡി) 9/04 വരെയുള്ള കാലത്തെ റിപ്പോർട്ടുകളിൻമേൽ എത്ര പഞ്ചായത്തുകൾ ആദ്യം മറുപടി നൽകി;

(ഇ) പെർഫോമൻസ് ആഡിറ്റ് റിപ്പോർട്ടിൻമേൽ നടപടി സ്വീകരിക്കാത്ത പഞ്ചായത്തുകളിലെ ഉദ്യോഗസ്ഥരുടെ വിശദീകരണം വാങ്ങി അവർക്കെതിരെ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) നടപടി സ്വീകരിച്ചുവരുന്നു.

(ബി) നിലവിലുള്ള പെർഫോമൻസ് ആഡിറ്റുവിംഗിന് മൂന്നും നാലും തവണ പരിശീലനം നൽകിയിട്ടുണ്ട്. അടുത്തഘട്ട പരിശീലനം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) പല പഞ്ചായത്തുകളും യഥാസമയം നടപടികൾ സ്വീകരിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) നൂറോളം പഞ്ചായത്തുകളിൽ നിന്നും ആദ്യ മറുപടി ലഭിച്ചിട്ടുണ്ട്.

(ഇ) സ്വീകരിക്കുന്നതാണ്.

പഞ്ചായത്തുകളിലെ ശുദ്ധജലപദ്ധതികൾ

78 [T3129] ശ്രീ. എ. സുജനപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്തുകളിലെ ശുദ്ധജല പദ്ധതികൾ ഗ്രാമപഞ്ചായത്തുകൾക്ക് കൈമാറിയിട്ടുണ്ടോ; എങ്കിൽ എത്ര എണ്ണം കൈമാറി;

(ബി) ഇത്തരം ശുദ്ധജല പദ്ധതികളുടെ അറ്റകുറ്റപ്പണികൾക്ക് എത്ര തുക ചെലവഴിച്ചു എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ—ബി) വിവരം ശേഖരിച്ചുവരുന്നു.

പഞ്ചായത്ത് സെക്രട്ടറിമാരായി പി. എസ്. സി. മുഖേനയുള്ള നിയമനം

79 [3130] ശ്രീ. കെ. നാരായണക്കുറുപ്പ്:

,, തോമസ് ചാഴികാടൻ:

,, റോഷി അഗസ്റ്റിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ 544 ലോവർ ഗ്രേഡ് (ഫസ്റ്റ് ഗ്രേഡ്) പഞ്ചായത്തുകളിൽ നാൽപ്പതു ശതമാനം പഞ്ചായത്തുകളിൽ (217 എണ്ണം) സെക്രട്ടറിമാരെ നേരിട്ട് നിയമിക്കുന്നതിനായി 13-2-2003-ൽ നിലവിൽവന്ന റാങ്ക് ലിസ്റ്റിൽ നിന്നും നാളിതുവരെ 227 പേരെ അഡ്വൈസ് ചെയ്യപ്പെട്ടതായും അവയിൽനിന്നും 201 പേരെ നിയമിച്ചതായും അറിയുന്നത് ശരിയാണോ;

(ബി) പഞ്ചായത്ത് സെക്രട്ടറിമാരായി നേരിട്ട് നിയമിക്കപ്പെട്ട 201 പേരും ഇപ്പോഴും സെക്രട്ടറിമാരായി തുടരുന്നുണ്ടോ;

(സി) പഞ്ചായത്ത് സെക്രട്ടറിമാരുടെ നിയമനത്തിനായി പി. എസ്. സി. തയ്യാറാക്കിയ ലിസ്റ്റിൽനിന്നും അഡ്വൈസ് ചെയ്യപ്പെട്ടവരിൽ എത്ര എൻ. ജെ. ഡി. ഒഴിവുകൾ ഉണ്ട്;

(ഡി) എത്രയെണ്ണം നാളിതുവരെ നികത്തിയിട്ടുണ്ട്;

(ഇ) സെക്രട്ടറിയായി ജോലിയിൽ പ്രവേശിച്ചശേഷം എത്രപേരെ റിലീവ് ചെയ്തു;

(എഫ്) അവർക്ക് പകരം എത്രപേരെ പ്രസ്തുത ലിസ്റ്റിൽനിന്നും നിയമിച്ചു;

(ജി) നിയമിച്ചിട്ടില്ലെങ്കിൽ കാരണം എന്ത്; പ്രസ്തുത ഒഴിവുകൾ ഇപ്പോഴും നിലവിലുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly